# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1128 — 12.06.2014-ന് മറുപടിയ്ക്ക്

### റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>" അൻവർ സാദത്ത്<br>" ഡൊമിനിക് പ്രസന്റേഷൻ<br>" കെ.മുരളീധരൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ 'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകി വരുന്നു. |
| (ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത്; | (ബി) റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന താഴെപ്പറയുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ കേരളമൊട്ടാകെ ഓൺലൈൻ വഴി നൽകി വരുന്നുണ്ട്.<br>1. ജാതി സർട്ടിഫിക്കറ്റ്<br>2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്<br>3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്<br>4. ബന്ധുത്വ സർട്ടിഫിക്കറ്റ്<br>5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്<br>6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്<br>7. വരുമാന സർട്ടിഫിക്കറ്റ്<br>8. കൈവശാവകാശ സർട്ടിഫിക്കറ്റ്<br>9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്<br>10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്<br>11. സോൾവെൻസി സർട്ടിഫിക്കറ്റ്<br>12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്<br>13. കൺവെർഷൻ സർട്ടിഫിക്കറ്റ്<br>14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്<br>15. അഗതി സർട്ടിഫിക്കറ്റ്<br>16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്<br>17. മിശ്ര വിവാഹ സർട്ടിഫിക്കറ്റ്<br>18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്<br>19. ലൈഫ് സർട്ടിഫിക്കറ്റ്<br>20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്<br>21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്<br>22. വാലേുവേഷൻ സർട്ടിഫിക്കറ്റ്<br>23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; | (സി) | റവന്യൂ വകുപ്പിലെ ഐ.റ്റി സെല്ലുകൾ കൂടാതെ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി), അക്ഷയസെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്. |
| (ഡി) | പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ടോ; | (ഡി) | G.O.(P) No.24/2010/ITD , തീയതി 04.08.2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്, കൂടാതെ 2010-ലെ ഇലക്ട്രോണിക് ഡെലിവറി ഓഫ് സർവീസസ് റൂൾസ് പ്രകാരവും ഇതിന് നിയമ സാധുതയുണ്ട്. |
| (ഇ) | പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോ ? | (ഇ) | അക്ഷയകേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ